1/2

**കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുവാൻ ബഹു. തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധസമിതിയുടെ ആദ്യത്തെ യോഗത്തിന്റെ മിനുട്ട്സ്.**

സൂചന:- DCTSR/14//2023-E1, 31-12-2024

സ്ഥലം:- ഓൺലൈൻ പ്ലാറ്റ്ഫോം

തിയ്യതിയും സമയവും: 11.02.2025, 11.30am

| ഹാജർ ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ഡോ. ജോർജ്ജ് അലക്സ്, അസോ. പ്രൊഫസർ, ചരിത്രവിഭാഗം, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ PH; 9895234609 email - georgealex213@gmail.com (സാമൂഹിക ശാസ്ത്രജ്ഞൻ) | |
| 2 | ഡോ. ചാക്കോ ജോസ്.പി., പ്രിൻസിപ്പാൾ. സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത് തൃശ്ശൂർ PH: 9447033292, Email:chackojosep@gmail.com സാമൂഹിക ശാസ്ത്രജ്ഞൻ) | |
| 3 | ഡെപ്യൂട്ടി കളക്ടർ, (എൽ.എ) കളക്ടറേറ്റ്, തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ദൻ) | |
| 4 | സ്പെഷൽ തഹസിൽദാർ, എൽ.എ. (കിഫ്ബി), തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ദൻ) | |
| 5 | ശ്രീ. സജിത്ത്.ഇ.ഐ., അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ കെ.ആർ.എഫ്.ബി.-പി.എം.യു. എറണാകുളം, തൃശ്ശൂർ ഡിവിഷൻ, ഫോൺ - 9447215365 (സാങ്കേതിക വിദഗ്ധൻ) | |
| 6 | ശ്രീ.സി.പി.കുഞ്ഞൻ., മെമ്പർ, വാർഡ് 8, (പോർക്കുളം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 9539508654 | |
| 7 | ശ്രീമതി. രേഖ ജയരാമൻ, മെമ്പർ, വാർഡ് 7, (പോർക്കുളം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 8943164502 | |
| 8 | ശ്രീമതി. വി.പി.ലീല, മെമ്പർ, വാർഡ് 14, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി ഫോൺ - 9562353039 | |
| 9 | ശ്രീ. ആന്റോ പോൾ, മെമ്പർ, വാർഡ് 6, (ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ -9847201907 | |
| 10 | ശ്രീമതി. സിമി.കെ.ആർ. മെമ്പർ, വാർഡ് 13, (കടങ്ങോട് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 9645597604 | |
| 11 | ശ്രീ. പുരുഷോത്തമൻ.പി.എസ്. വൈസ്. പ്രസിഡന്റ്, കടങ്ങോട് (കടങ്ങോട് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ-9495568139 | |

**തീരുമാനങ്ങൾ**

1. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതു

ഡോ. ജോർജ്ജ് അലക്സ് ചെയർപേഴ്സൺ വിദഗ്ധസമിതി

വേണ്ടി ഭാരതമാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരതമാതാ കോളേജ്, തൃക്കാക്കര തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ചെയർപേഴ്സൺ യോഗത്തിൽ അവതരിപ്പിച്ചു. വിദഗ്ദ്ധ സമിതി അംഗങ്ങൾ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് സംസാരിക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

2. കേച്ചേരി - അക്കിക്കാവ് ബൈപാസ് റോഡിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതിപ്രദേശം 19.02.2025 ന് സന്ദർശിക്കുവാനും തീരുമാനിക്കുകയും വിദഗ്ദ്ധ സമിതിയുടെ ചർച്ചയുടേയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗം ചെയർപേഴ്സണെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം 12.30 ന് അവസാനിച്ചു

[signature] 19/2/25

ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ദ്ധ സമിതി.

**കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുവാൻ ബഹു. തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധസമിതിയുടെ രണ്ടാമത്തെ യോഗത്തിന്റെ മിനുട്ട്സ്.**

സൂചന:- DCTSR/14//2023-E1, 31-12-2024

സ്ഥലം:- കിഫ്ബി ഓഫീസ്, [illegible]

തിയ്യതിയും സമയവും: 19.02.2025 11.am.

| ഹാജർ ക്രമ നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ഡോ. ജോർജ്ജ് അലക്സ്, അസോ. പ്രൊഫസർ, ചരിത്രവിഭാഗം, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ PH; 9895234609 email - georgealex213@gmail.com (സാമൂഹിക ശാസ്ത്രജ്ഞൻ) | (ഒപ്പ്) |
| 2 | ഡോ. ചാക്കോ ജോസ്.പി., പ്രിൻസിപ്പാൾ. സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത് തൃശ്ശൂർ PH: 9447033292, Email:chackojosep@gmail.com സാമൂഹിക ശാസ്ത്രജ്ഞൻ) | (ഒപ്പ്) |
| 3 | ഡെപ്യൂട്ടി കളക്ടർ, (എൽ.എ) കളക്ടറേറ്റ്, തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ദൻ) | (ഒപ്പ്) |
| 4 | സ്പെഷൽ തഹസിൽദാർ, എൽ.എ. (കിഫ്ബി), തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ദൻ) | (ഒപ്പ്) |
| 5 | ശ്രീ. സജിത്ത്.ഇ.ഐ., അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ കെ.ആർ.എഫ്.ബി.-പി.എം.യു. എറണാകുളം, തൃശ്ശൂർ ഡിവിഷൻ, ഫോൺ - 9447215365 (സാങ്കേതിക വിദഗ്ധൻ) | (ഒപ്പ്) |
| 6 | ശ്രീ.സി.പി.കുഞ്ഞൻ., മെമ്പർ, വാർഡ് 8, (പോർക്കുളം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 9539508654 | (ഒപ്പ്) |
| 7 | ശ്രീമതി. രേഖ ജയരാമൻ, മെമ്പർ, വാർഡ് 7, (പോർക്കുളം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 8943164502 | (ഒപ്പ്) |
| 8 | ശ്രീമതി. വി.പി.ലീല, മെമ്പർ, വാർഡ് 14, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി ഫോൺ - 9562353039 | (ഒപ്പ്) |
| 9 | ശ്രീ. ആന്റോ പോൾ, മെമ്പർ, വാർഡ് 6, (ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ -9847201907 | (ഒപ്പ്) |
| 10 | ശ്രീമതി. സിമി.കെ.ആർ. മെമ്പർ, വാർഡ് 13, (കടങ്ങോട് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ - 9645597604 | (ഒപ്പ്) |
| 11 | ശ്രീ. പുരുഷോത്തമൻ.പി.എസ്. വൈസ്. പ്രസിഡന്റ്, കടങ്ങോട് (കടങ്ങോട് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി) ഫോൺ-9495568139 | (ഒപ്പ്) |

**തീരുമാനങ്ങൾ**

1. വിദഗ്ദ്ധ സമിതി അംഗങ്ങൾ ഈ തീരുമാന പ്രകാരം 19.02.2025 11.am ന് ചർച്ചയ്ക്ക് [illegible]

(ഒപ്പ്)
ഡെപ്യൂട്ടി കലക്ടർ
ചെയർപേഴ്സൺ
വിദഗ്ദ്ധ സമിതി

ശിപാർശകളും ഉൾപ്പെടുത്തി കിഫ്ബിയുടെ ഓഫീസി
ൽ വെച്ച് മീറ്റിംഗ് കൂടുകയും ചെയ്തു.

2. നിർദ്ദിഷ്ട പദ്ധതി തൃശ്ശൂർ ജില്ലയുടെയും പദ്ധതി പ്രദേശത്തിന്റെയും വികസനത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമായ ഒരു പൊതു ആവശ്യം (public purpose) ആണെന്നുള്ള SIA പഠന സമിതിയുടെ നിരീക്ഷണം വിദഗ്ദ്ധ സമിതിക്കും ബോധ്യപ്പെട്ടു.

3. പ്രസ്തുത പദ്ധതി മേഖലയിലെ ജനങ്ങളുടെ ജീവിത ഗുണനിലവാരത്തിനും ജീവിത സാഹചര്യത്തിനും നല്ല സ്വാധീനം ചെലുത്തുന്നതിനും ഉതകുന്നതാണെന്ന് വിദഗ്ദ്ധ സമിതി വിലയിരുത്തി.

4. ഈ പദ്ധതിയുടെ നേട്ടങ്ങൾ നഷ്ടത്തെക്കാൾ വളരെ അധികമായതിനാൽ പദ്ധതിക്കു വേണ്ടി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം ~~[illegible]~~ ഏറ്റെടുക്കുന്നതിനും ഉടമസ്ഥർക്കും സ്ഥലം നഷ്ടപ്പെടുന്നവർക്കും SIA പഠന റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ RFCTLARRA 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനും യോഗം തീരുമാനിച്ചു.

5. അന്തിമ റിപ്പോർട്ടും അനുബന്ധ രേഖകളും ശുപാർശ ചെയ്ത് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിന് യോഗം ചെയർപേഴ്സണെ ചുമതലപ്പെടുത്തി.

യോഗം 12.45 ന് അവസാനിച്ചു.

(signature) [illegible]/2/2025
ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ദ്ധ സമിതി.

**The Right to Fair Compensation and Transparency in Land, Acquisition, Rehabilitation and Resettlement Act, 2013 (RFCTLARRA, 2013) പ്രകാരം, തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം താലൂക്കിൽ അകതിയൂർ, ചിരമനങ്ങാട്, ചിറനെല്ലൂർ, എരനെല്ലൂർ, ഇയ്യാൽ എന്നീ വില്ലേജുകളിലായി കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി ഭൂമി എറ്റെടുക്കൽ സംബന്ധിച്ച് ഭാരത് മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരതമാതാ കോളേജ്, തൃക്കാക്കര, കൊച്ചി തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്.**

സൂചന: - 1) തൃശ്ശൂർ ജില്ലാകളക്ടറുടെ ഉത്തരവ് നമ്പർ DCTSR/141/2023B1 Dt. 31.12.2024

2) ഭാരത് മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാതാ കോളേജ്, തൃക്കാക്കര, കൊച്ചി തയ്യാറാക്കി തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ട് തിയ്യതി - 12-12-2024

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

സൂചന (1) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചിരമനങ്ങാട്, ചിറനെല്ലൂർ, എരനെല്ലൂർ, ഇയ്യാൽ എന്നീ വില്ലേജുകളിലായി കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി ഭൂമി എറ്റെടുക്കൽ സംബന്ധിച്ച് ഭാരത് മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരതമാതാ കോളേജ്, തൃക്കാക്കര, കൊച്ചി തയ്യാറാക്കിയ സാമൂഹികാഘാത പഠന റിപ്പോർട്ട് (Social Impact Assessment Study Report, SIA Report) വിലയിരുത്തുന്നതിനായി 1) ഡോ. ജോർജ്ജ് അലക്സ് (ചെയർപേഴ്സൺ), 2) ഡോ.ചാക്കോ ജോസ്.പി. (അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞർ), 3) ഡെപ്യൂട്ടി കളക്ടർ (എൽ.എ), 4) സ്പെഷൽ തഹസിൽദാർ (എൽ.എ.കിഫ്ബി) (പുനരധിവാസ പ്രവർത്തക വിദഗ്ധൻ) 5) ശ്രീ. സജിത്ത്.ഇ.ഐ., സാങ്കേതിക വിദഗ്ധൻ 6) ശ്രീ.സി.പി.കുഞ്ഞൻ., 7) ശ്രീമതി. രേഖ ജയരാമൻ, (പോർക്കുളം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, 8) ശ്രീമതി. വി.പി.ലീല, 9) ശ്രീ. ആന്റോ പോൾ, (ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ) 10) ശ്രീമതി. സി.മി.കെ.ആർ., 11) ശ്രീ.പുരുഷോത്തമൻ.പി.എസ്. (കടങ്ങോട് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ) എന്നീ 11 അംഗങ്ങൾ ഉൾപ്പെട്ട വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി.

സൂചന (2) പ്രകാരം ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര, കൊച്ചി ടി ഭൂമി സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ചു സാമൂഹികാഘാത പഠന റിപ്പോർട്ട് (തിയ്യതി 12-12-2024) തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതിയുടെ ആദ്യയോഗം 11-02-2025 ചൊവ്വാഴ്ച രാവിലെ 11.30ന് ഓൺലൈൻ പ്ലാറ്റ് ഫോമിൽ ചെയർപേഴ്സൺ ഡോ. ജോർജ്ജ് അലക്സിന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി കൂടുകയുണ്ടായി. സമിതിയിലെ എല്ലാ അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

Conted ..... 2

സൂചന (2)പ്രകാരമുള്ള റിപ്പോർട്ട് ചെയർപേഴ്സൺ യോഗത്തിൽ അവതരിപ്പിക്കുകയും അംഗങ്ങൾ റിപ്പോർട്ട് വിശകലനം ചെയ്യുകയും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. യോഗ തീരുമാനപ്രകാരം ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിന്റെ സ്ഥിതി നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി 19-02-2025 രാവിലെ 11 മണിക്ക് ടി സ്ഥലം സന്ദർശിക്കാനും തീരുമാനിച്ചു.

19-ാം തിയ്യതി രാവിലെ 11 മണിക്ക് വിദഗ്ധ സമിതി ടി സ്ഥലം സന്ദർശിച്ചു. സ്ഥല സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ഇയ്യാൽ കിഫ്ബിയുടെ ഓഫീസിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സമിതി അംഗങ്ങൾ SIA റിപ്പോർട്ടും സ്ഥലം സന്ദർശനത്തിലെ കണ്ടെത്തലുകളും ബന്ധപ്പെടുത്തി ചർച്ചകളും വിശകലനങ്ങളും നടത്തുകയും ചെയ്തു.

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം താലൂക്കിലെ കേച്ചേരി - അക്കിക്കാവ് റോഡ് നിർമ്മിക്കുന്നത് പ്രദേശത്തിന്റെ പുരോഗതിക്കും വികസനത്തിനും അത്യാന്താപേക്ഷിതമായ ഒരു പൊതു ആവശ്യമാണ് (Public Purpose). നിർദ്ദിഷ്ട പദ്ധതിയും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമെന്ന് SIA റിപ്പോർട്ടിന്റേയും സ്ഥലം സന്ദർശനത്തിന്റേയും അടിസ്ഥാനത്തിൽ പദ്ധതി വിദഗ്ദ്ധ സമിതി യോഗം വിലയിരുത്തി. ടി പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങൾ അതുമൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെയധികമാണെന്നതിനാൽ പദ്ധതിക്കുവേണ്ടി നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കണമെന്നു വിദഗ്ധസമിതി യോഗം ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. ആഘാതബാധിതർക്ക് RFCTLARRA, 2013 പ്രകാരം SIA റിപ്പോർട്ടിനോടു യോജിച്ചുകൊണ്ട് അക്കാര്യം ശുപാർശ ചെയ്യുന്നതിനും വിദഗ്ദ്ധസമിതി യോഗം തീരുമാനിച്ചു. അന്തിമ വിലയിരുത്തൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വസ്തുതകളെപ്പറ്റി യോഗം പൊതുധാരണയിലെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ RFCTLARRA, 2013 ലെ 7 (5) (a) വകുപ്പുകൾ പ്രകാരം അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെയർപേഴ്സനെ ചുമതലപ്പെടുത്തുകയും ചെയ്തു. മേൽപറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരമുള്ള SIA റിപ്പോർട്ടിനെപ്പറ്റി താഴെ പറയുന്ന വിലയിരുത്തലുകളും ശുപാർശകളുമടങ്ങുന്ന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നു.

1) തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചിരമനങ്ങാട്. ചിറനെല്ലൂർ, എരനെല്ലൂർ, ഇയ്യാൽ എന്നീ വില്ലേജുകളിലെ 124 സർവ്വേ നമ്പറുകളിൽപ്പെടുന്ന കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി ഏറ്റെടുക്കുന്ന 0.5473 ഹെക്ടർ ഭൂമി ഒരു പൊതു ആവശ്യം (Public Purpose) ആണെന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നു.

2) നിർദ്ദിഷ്ട ബൈപ്പാസ് റോഡ് പ്രദേശത്തിന്റെ പുരോഗതിക്കും വികസനത്തിനും അത്യന്താപേക്ഷിതമാണ്. ടി പദ്ധതി കുന്ദംകുളം താലൂക്കിനു കീഴിൽ വരുന്ന ഒരു പ്രധാന ജില്ലാ പാതയാണ്. നിർദ്ദിഷ്ട പദ്ധതി രണ്ടു പ്രധാന സംസ്ഥാനപാതകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. ടി പദ്ധതി പ്രദേശത്തിന്റെ ഗതാഗത സൗകര്യങ്ങൾ ചരക്കുകളുടേയും സേവനങ്ങളുടേയും ലഭ്യത, തൊഴിലവസരങ്ങൾ എന്നിവ ഉറപ്പു വരുത്തുകയും പ്രദേശത്തുള്ള സ്ഥലങ്ങളുടെ വിപണി മൂല്യം വർദ്ധിപ്പിക്കുകയും സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെട്ടതാക്കുകയും ചെയ്യുന്നു.

Conted...3

3) നിർദ്ദിഷ്ടപദ്ധതിയും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലും മൂലം സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ താഴെ പറയുന്ന കാരണങ്ങളാൽ അതുമൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെ കൂടുതലാണെന്നു വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു. നിർദ്ദിഷ്ട പദ്ധതി പൂർത്തിയായാൽ തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ ഗതാഗതകുരുക്ക് ഒഴിവാക്കാനും ഉപകരിക്കും.

4) നിർദ്ദിഷ്ട ബൈപ്പാസ് റോഡ് പ്രദേശത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വളരെയേറെ ഉപകരിക്കുന്നതാണ്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ രണ്ട് പ്രധാന സംസ്ഥാനപാതകളെ പരസ്പരം ബന്ധിപ്പിക്കുന്നതും മേഖലയുടെ സാമൂഹിക സാമ്പത്തിക നിലവാരം വർദ്ധിക്കും എന്ന SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് (പേജ് 29) വിദഗ്ദ്ധ സമിതി യോജിക്കുന്നു.

5) നിർദ്ദിഷ്ടപദ്ധതി പ്രദേശത്തെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുകയും തൃശ്ശൂരിൽ നിന്നും വടക്കൻ ജില്ലയിലേയും സമീപ ജില്ലകളിലേയും ആരോഗ്യ സ്ഥാപനങ്ങളിലേക്കും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുമുള്ള യാത്ര ഈ പദ്ധതി മൂലം എളുപ്പമാകും എന്ന SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് (പേജ് 31) വിദഗ്ദ്ധ സമിതി യോജിക്കുന്നു.

6) നിർദ്ദിഷ്ട പദ്ധതി പൂർത്തിയായാൽ ഇയ്യാലിലുള്ള ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സംരക്ഷിത സ്മാരകങ്ങളായ കുടക്കല്ലുകൾ (തൊപ്പിക്കല്ലുകൾ) ചരിത്രകാരന്മാർക്കും ചരിത്ര കുതുകികൾക്കും പുരാവസ്തു പഠിതാക്കൾക്കും വിനോദസഞ്ചാരികൾക്കും പ്രസ്തുത സ്ഥലത്തേക്ക് എത്തിച്ചേരാനും ഉപകരിക്കും. ചരിത്രം, സംസ്കാരം സാമൂഹ്യ വ്യവസ്ഥിതി എന്നിവ പരിപോഷിപ്പിക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി സഹായിക്കും എന്നും വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

7) നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ആവശ്യമായ മിനിമം സ്ഥലം മാത്രമാണെന്ന് (absolute bare minimum for the project) വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

8) നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 124 സർവ്വേ നമ്പറുകളിലെ 107 കുടുംബങ്ങളുടെ 0.5473 ഹെക്ടർ സ്ഥലം മാത്രമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടത്. പ്രസ്തുത സ്ഥലം റവന്യൂ രേഖകൾ പ്രകാരം പുരയിടം, നിലം, പുറമ്പോക്ക് എന്നീ വിഭാഗങ്ങളിൽപ്പെടുന്നതാണ്. (പേജ് 14). ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്ക് വളരെ കുറവ് പ്രത്യാഘാതങ്ങളേ ഉണ്ടാകൂ എന്ന് വിദഗ്ദ്ധസമിതി വിലയിരുത്തുന്നു. പദ്ധതി മൂലം ആരും തന്നെ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല എന്നും ആരുടെയും തന്നെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നില്ല (പേജ് 17) എന്നും വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

9) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് വനാവകാശം നഷ്ടപ്പെടുന്ന പട്ടികവർഗ്ഗ/ആദിവാസി കുടുംബങ്ങൾ ഒന്നുംതാമസിക്കുന്നില്ല എന്നും പദ്ധതി മൂലം പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നില്ല എന്നും SIA റിപ്പോർട്ടിനോട് (പേജ് 17) വിദഗ്ദ്ധസമിതി യോജിക്കുന്നു.

10) ഭൂമി ഏറ്റെടുക്കലിന്റെ പരോക്ഷ ആഘാത ബാധിതരായി 16 കച്ചവട സ്ഥാപ

Conted....4

നങ്ങളും 2 വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. (പേജ് 18). ഭൂമി എറ്റെടുക്കലിന്റെ സാമൂഹ്യ ആഘാതം അനുഭവപ്പെടുന്നവർക്ക് RFCTLARRA 2013 നിഷ്ക്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം മതിയാകുമെന്നും അത് യഥാസമയം നൽകണമെന്നുമുള്ള SIA റിപ്പോർട്ടിലെ അഭിപ്രായത്തോട് (പേജ് 23) വിദഗ്ദ്ധസമിതി യോജിക്കുന്നു.

11) സ്ഥലം ഏറ്റെടുക്കലിന്റെ ആഘാതം അനുഭവപ്പെടുന്നവർക്ക് പ്രസക്ത നിയമങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാര നടപടികൾ കഴിയുന്നത്രവേഗമുണ്ടാകണമെന്ന് വിദഗ്ദ്ധ സമിതിയിലെ പഞ്ചായത്ത് പ്രതിനിധികൾ അഭിപ്രായപ്പെട്ടത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

12) നിർദ്ദിഷ്ട പദ്ധതി, പദ്ധതി പ്രദേശത്തേയും തൃശ്ശൂർ ജില്ലയുടെ തന്നെയും വിനോദസഞ്ചാരം, തീർത്ഥാടനം, കച്ചവടം എന്നിവയുടെ വികസനത്തിനും വളർച്ചയ്ക്കും കാരണമാകുന്നതും അതുവഴി ജനങ്ങളുടെ ജീവിനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കും.

13) നിർദ്ദിഷ്ട കേച്ചേരി -അക്കിക്കാവ് ബൈപ്പാസ് റോഡിന്റെ ചില ഭാഗങ്ങളിലെ അഴുക്ക് ചാൽ അപര്യാപ്തമായതിനാൽ വെള്ളക്കെട്ടുണ്ടാകാൻ സാധ്യയുണ്ടെന്ന ആശങ്ക പഞ്ചായത്ത് പ്രതിനിധികളുടെ അഭിപ്രായം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ റോഡിന്റെ വശങ്ങളിൽ സ്ലാബുകൾ ഇടേണ്ട സ്ഥലത്ത് സ്ലാബുകളും സ്ഥാപിക്കണമെന്നും പഞ്ചായത്ത് പ്രതിനിധികൾ അഭിപ്രായപ്പെട്ടതും അധികൃതരുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

14) നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഭരണസംഘടനകൾ രാഷ്ട്രീയ സംഘടനകൾ, സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും തന്നെ പദ്ധതി ബാധിതമാകുന്നില്ല എന്ന SIA റിപ്പോർട്ടിനോട് (പേജ് 21) വിദഗ്ദ്ധസമിതി യോജിക്കുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ തൃശ്ശൂർ ജില്ലയുടേയും സമീപ പ്രദേശത്തിന്റേയും സമഗ്ര വളർച്ചയ്ക്കും പുരോഗതിക്കും പ്രസ്തുത പദ്ധതി ഉപകരിക്കുന്നതിനാൽ കുന്ദംകുളം താലൂക്കിലെ അകതിയൂർ, ചിറരമനങ്ങാട്, ചിറനെല്ലൂർ, എരനെല്ലൂർ, ഇയ്യാൽ എന്നീ 5 വില്ലേജുകളിലെ 124 സർവ്വെ നമ്പറുകളിലായി 0.5473 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമൂലം ഈ പദ്ധതി ഒരു പൊതു ആവശ്യം (Public Purpose) ആണെന്നും പ്രസ്തുത പദ്ധതി സമൂഹത്തിനുണ്ടക്കുന്ന നേട്ടങ്ങൾ നഷ്ടങ്ങളേക്കാൾ കൂടുതലാണെന്നും വിദഗ്ദ്ധസമിതി വിലയിരുത്തുന്നു. തന്മൂലം മേൽ സൂചിപ്പിച്ച 5 വില്ലേജുകളിലായുള്ള 0.5473 ഹെക്ടർ ഭൂമി ഏറ്റെടുത്താൽ ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം ഏറ്റവും കുറവായിരിക്കുമെന്നും വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിബാധിതരുടെ ആശങ്കകൾ പരിഹരിച്ച് ടി ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ദ്ധസമിതി ഐകകണ്ഠ്യേന ശുപാർശ ചെയ്തുകൊള്ളുന്നു. ഈ റിപ്പോർട്ട് വിദഗ്ദ്ധ സമിതി ഐകകണ്ഠ്യേന അംഗീകരിക്കുന്നു. പുരനധിവാസത്തിനും പുനസ്ഥാപനത്തിനും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കമെന്ന് വിദഗ്ദ്ധസമിതി നിർദ്ദേശിക്കുന്നു

ഡോ. ജോർജ്ജ് അലക്സ്
ചെയർപേഴ്സൺ
വിദഗ്ദ്ധസമിതി